33 (321) കടമപ്പുഴ പാലത്തിന് വകയിരുത്തുന്ന തുക

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടമപ്പുഴ പാലത്തിന് ഈ വർഷത്തെ സപ്ളിമെന്ററി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ;

(ബി) സപ്ളിമെന്ററി ഗ്രാന്റിൽ വകയിരുത്തുന്ന തുക അടുത്ത ബഡ്ജറ്റിലെ വാല്യം 1-ൽ വരുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

34 (322) ബാങ്കുകളുടെ ക്യാഷ് റിസർവ് റേഷ്യോ

ശ്രീ. ആര്യാടൻ മുഹമ്മദ് :
ശ്രീ. പി.പി. തങ്കച്ചൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാങ്കുകളുടെ ക്യാഷ് റിസർവ് റേഷ്യോ കുറച്ചതോടുകൂടി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബാങ്കുകൾക്ക് വായ്പ നൽകുവാൻ എന്തു തുക അധികമായി ലഭിച്ചുവെന്ന് അറിയിക്കുമോ;

(ബി) ഈ തുക സംസ്ഥാനത്തിനകത്ത് തന്നെ വായ്പയായി നൽകുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) അതിന്റെ വിശദ വിവരം നൽകുമോ?

ഉത്തരം

(എ)(ബി)&(സി) ഇൻഡ്യയിലെ മൊത്തം വാണിജ്യ ബാങ്കുകളുടെ 'ക്യാഷ് റിസർവ്' റേഷ്യോ ഒരു ശതമാനമായി (അതായത് 10%ത്തിൽ നിന്ന് 9% ആയി) കുറച്ചിട്ടുണ്ട്. ഇത് 0.5 ശതമാനം വീതം 1999 നവംബർ 6 നും 20 നും ആരംഭിച്ചു. രണ്ട് ദ്വൈവാര തവണകളായിട്ടാണ് കുറച്ചിട്ടുള്ളത്. ഇതനുസരിച്ച് ഇന്ത്യയൊട്ടാകെയുള്ള ബാങ്കുകൾക്ക് വായ്പ നല്കാനായി 7000 (ഏഴായിരം) കോടി രൂപ അധികമായി ലഭിക്കുമെന്ന് റിസർവ് ബാങ്ക് അറിയിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാന തലത്തിൽ ഇത്തരം കണക്കുകൾ സൂക്ഷിക്കാറില്ല.

35 (323) സാമൂഹ്യക്ഷേമ സ്കീമുകളിലെ കുടിശ്ശിക

ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലില്ലായ്മ വേതനം, കർഷകത്തൊഴിലാളി പെൻഷൻ അടക്കം ഗവണ്മെന്റിന്റെ സാമൂഹ്യക്ഷേമ സ്കീമുകളിൽ ഇപ്പോൾ കുടിശ്ശിക ഉണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഓരോന്നിലും എത്ര കോടി രൂപ വീതം കുടിശ്ശിക ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നപ്പോൾ ഈ സ്കീമുകളിൽ എത്ര കോടി രൂപയുടെ കുടിശ്ശിക ഉണ്ടായിരുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കർഷകത്തൊഴിലാളി പെൻഷൻ ഇനത്തിൽ ഏകദേശം 22 കോടി രൂപയും തൊഴിലില്ലായ്മ വേതന ഇനത്തിൽ ഏകദേശം 33 കോടി രൂപയും ഇപ്പോൾ കുടിശ്ശിക വരുമെന്ന് കണക്കാക്കുന്നു.

(സി) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നപ്പോൾ കർഷകത്തൊഴിലാളി പെൻഷൻ ഇനത്തിൽ ഏകദേശം 28 കോടി രൂപയും തൊഴിലില്ലായ്മ വേതന ഇനത്തിൽ 22.70 കോടി രൂപയും കുടിശ്ശിക ഉണ്ടായിരുന്നു.

36 (324) സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ സംവിധാനം

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ എന്ന സംവിധാനത്തിലൂടെ ധനം സമാഹരിക്കാൻ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ എന്തു തുക സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) എന്തെല്ലാം ആവശ്യങ്ങൾക്കാണ് ഈ തുക വിനിയോഗിക്കുന്നത്;

(ഡി) സമാഹരണ ചുമതല ആർക്കെല്ലാമാണ്;

(ഇ) സമാഹരിക്കുന്ന തുക ഏതെല്ലാം വകുപ്പുകൾക്കാണ് അനുവദിക്കാൻ ഉദ്ദേശിക്കുന്നത്;

(എഫ്) ഈ തുക അനുവദിക്കപ്പെട്ട ആവശ്യങ്ങൾക്കു മാത്രമായി ചെലവിടുമെന്ന് ഉറപ്പാക്കാൻ സംവിധാനമുണ്ടോ;

(ജി) വക മാറ്റി ചെലവിടുന്നവർക്ക് ശിക്ഷ നൽകാൻ നിയമം ഉണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആകെ 500 കോടി രൂപ സമാഹരിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിൽ ആദ്യഗഡുവായി ഇപ്പോൾ 200 കോടി സമാഹരിക്കും.

(സി) സംസ്ഥാനത്തെ റോഡ്, ജലസേചനം, ശുദ്ധജലവിതരണം, ഉൾനാടൻ ജലഗതാഗതം, വൈദ്യുതി, തുറമുഖം ചവർ, സംസ്കരണം, ഡ്രെയിനേജ് എന്നീ മേഖലകളുടെ വികസനത്തിന് വേണ്ടിയാണ് തുക വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly